കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി റിവൈസ് ചെയ്യുന്നതിനുള്ള കമ്മിറ്റി.

* 1535. [25] ശ്രീ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി റിവൈസ് ചെയ്യുന്നതിനുവേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റി അതിന്റെ റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നേയ്ക്ക് പ്രസിദ്ധപ്പെടുത്തുമെന്നു പറയുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗോവിന്ദൻ: അങ്ങനെയൊരു കമ്മിറ്റിയെ നിയമിച്ചിട്ടില്ല എന്നാണോ പറയുന്നത് ?

ശ്രീ. ടി. വി. തോമസ് : കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ആർ. ഗോവിന്ദൻ : കമ്മിറ്റിയെ നിയമിച്ചിട്ട് എത്ര കാലമായി ?

ശ്രീ. ടി. വി. തോമസ് : ഇപ്പോൾ തീർച്ചയായി പറയാനോർമ്മയില്ല. കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്തുതന്നെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

നെല്ലെടുപ്പ്.

* 1536. [26] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽനിന്നും, പാലക്കാട്ടുനിന്നും നെല്ലെടുക്കുമെന്നു ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നോ ;

(ബി) ആ പ്രഖ്യാപനമനുസരിച്ച് ഈ രണ്ടു മിച്ചപ്രദേശങ്ങളിൽ നിന്നും എത്ര പറനെല്ല് സർക്കാർ വിലയ്ക്കെടുത്തുവെന്നു പറയാമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

(എ) ഉവ്വ്.

(ബി) ഇതുവരെ പാലക്കാട്ടുനിന്നും 1,45,664 പറ നെല്ലും കുട്ടനാട്ടുനിന്നു 8861 പറ നെല്ലിനു തുല്യമായ അരിയും വിലയ്ക്കെടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : ഒരു പറ നെല്ലിനു എത്ര വിലവെച്ചാണ് എടുത്തതെന്നു പറയുമോ ?

ശ്രീ. കെ. സി. ജോർജ് : കാർട്ട് ലോഡിന്റെ കണക്കിലാണ് നെല്ലെടുത്തിട്ടുള്ളതു. എഴുപതുപറ നെല്ലുള്ള ഒരു വണ്ടിക്ക് 160 രൂപാ വില കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : കുട്ടനാട്ടുനിന്നും എടുത്തിട്ടുള്ള നെല്ല് ഈ കൊല്ലത്തെ എത്ര കൊണ്ടാണെന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : ഇവിടെ പറഞ്ഞ കണക്കിൽ അധികഭാഗവും കഴിഞ്ഞകൊല്ലം വാങ്ങിയ കണക്കാണ്. കഴിഞ്ഞകൊല്ലം പാലക്കാട്ടുനിന്നുമാണ് അധികവും വാങ്ങിയിട്ടുള്ളത്.

ശ്രീ. ആർ. സുഗതൻ : ഇക്കഴിഞ്ഞവർഷം കുട്ടനാട്ടുനിന്നും അരി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : എടുത്തിട്ടില്ല. അതിനുള്ള സ്കീം പരിപൂർണ്ണമായി തയാറായിട്ടില്ല.

ശ്രീ. കെ. ആർ. നാരായണൻ : പാലക്കാട്ടുനിന്നും അരി ധാരാളമായി പുറത്തേക്കു പോകുന്നു എന്നു കേൾക്കുന്നതിൽ പരമാർത്ഥമുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ പോകുന്ന വിവരം ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടില്ല

ശ്രീ. കെ. ആർ. നാരായണൻ : അങ്ങനെ ധാരാളം അരി പാലക്കാട്ടുനിന്നും പുറത്തേക്കു പോകുന്നതായി പത്രറിപ്പോർട്ടുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. കെ. സി. ജോർജ്ജ് : പത്രറിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടോയെന്നു നിശ്ചയമില്ല. ഏതായാലും പാലക്കാട്ടുനിന്നും പുറത്തേക്കു അരി പോകുന്നതായി ഗവണ്മെൻറിനു അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : നെല്ല് വിലയ്ക്കു വാങ്ങിയിട്ടുള്ളതും വിതരണം ചെയ്യാനാണോ, അതോ സ്റ്റോക്കു ചെയ്യാനാണോ ?

ശ്രീ. കെ. സി. ജോർജ്ജ് : ആദ്യമെ വാങ്ങി സ്റ്റോക്കു ചെയ്യും. പിന്നീടു വിതരണം ചെയ്യും.

WRITTEN ANSWERS.

അരിയുടെ വിലവർദ്ധനവു്.

* 1537. [28] ശ്രീ. പി. എം. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്കറ്റിൽ അരിയുടെ വില അമിതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരിയുടെ വില കുറയ്ക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) മാർക്കറ്റിൽ അരിവില കൂടുതലായ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ന്യായവിലഷാപ്പുകളിൽ കൂടിയുള്ള അരിവിതരണം തുടർന്നുകൊണ്ടു പോകുന്നതിനു് മാസംതോറും 25,000 ടൺ അരിയെങ്കിലും കേരളത്തിനു നൽകണമെന്നു് നിവേദനം നടത്തിയതിന്റെ ഫലമായി കേന്ദ്രം ഈ മേയ് മാസം മുതൽ ആഗസ്റ്റുവരെയുള്ള 4 മാസക്കാലത്തേക്കു് 50,000 ടൺ അരി തരാമെന്നു സമ്മതിച്ചിട്ടുണ്ട്. കൂടാതെ നിശ്ചപ്പെടുത്തിയ നിരക്കിൽ കുറയാത്ത വിലയ്ക്കു് അരി ആന്ധ്രാ മാർക്കറ്റുകളിൽനിന്നു് വാങ്ങുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഈ നടപടികളുടെ പരോക്ഷഫലങ്ങളും ആന്ധ്രായിൽ അടുത്തുവരുന്ന വിളവെടുപ്പും ഒത്തുചേർന്നു വിലക്കയറ്റത്തെ ഫലപ്രദമായി തടയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly